**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1720** **12-09-2023 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ; | (എ) | ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയാണ് സുഭിക്ഷ കേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയവ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്തിലാണ് പദ്ധതി നടപ്പിലാക്കിയത്.<br><br>കോവിഡ് 19 മഹാമാരി പടർന്നു പിടിക്കുന്നത് തടയാനായി ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗൺ കാലയളവിൽ ഭക്ഷ്യ പ്രതിസന്ധി ഉടലെടുത്താൽ തരണം ചെയ്യുന്നതിനായി സാദ്ധ്യമായ കൃഷിഭൂമിയിലെല്ലാം കാർഷികോത്പാദനം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് ഇത് നടപ്പിലാക്കിയത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെവി.കവൗ. യുടെ 2020-21 വർഷത്തെ സഹായം തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന്റെ ധനസഹായമായി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സമഗ്ര പദ്ധതി ഘടകങ്ങളിൽ തെരഞ്ഞെടുത്തവ ഇപ്പോഴും തുടർ പദ്ധതിയായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി കാർഷിക പുരോഗതിക്ക് പ്രയോജനകരമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | സുഭിക്ഷകേരളം മുഖേന കാർഷിക മേഖലയിൽ പ്രധാനമായും ലക്ഷ്യമിട്ടത് തരിശുഭൂമിയിൽ കൃഷി ചെയ്യുക, സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുക, ഒരു കോടി ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക, മഴമറയിലെ കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക വിപണി ശക്തിപ്പെടുത്തുക എന്നിവയാണ്.<br><br>സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 25000 ഹെക്ടർ തരിശു സ്ഥലങ്ങൾ കൃഷി വകുപ്പ് |

കണ്ടെത്തിയിരുന്നു. ഇതിൽ നെല്ല്, പച്ചക്കറികൾ, വാഴ പോലുള്ള വാർഷിക ഫലവർഗ്ഗ വിളകൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ, പയർവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കിയാണ് നിർവ്വഹണം നടത്തിയത്.

പദ്ധതി ആരംഭിച്ച 2020-21 കാലയളവ് മുതൽ 2023 മാർച്ച് വരെ 9086.1 ഹെക്ടർ തരിശു നിലത്ത് നെൽകൃഷിയും 1440 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും 14463.9 ഹെക്ടർ തരിശു സ്ഥലങ്ങളിൽ വാഴ, കൃഷി വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗ വിളകൾ,ചെറുധാന്യങ്ങൾ, പയറുവർഗ്ഗ വിളകൾ എന്നിവയും കൃഷി ചെയ്തിട്ടുണ്ട്. 2020-21 കാലയളവ് മുതൽ ആകെ 24,990 ഹെക്ടർ തരിശു നിലത്ത് കൃഷി വ്യാപിച്ചിട്ടുണ്ട്.

മഴമറ നിർമ്മിച്ച് എല്ലാ സീസണുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും തുള്ളി നന ഉപയോഗിച്ച് ജലസേചന കാര്യക്ഷമത വർദ്ധിപ്പിച്ചും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ സുഭിക്ഷ കേരളം പദ്ധതി വഴിയായി സർക്കാർ നടപ്പിലാക്കി. 2158 മഴമറകൾ ഇതിനോടകം നിർമ്മിച്ച് കൃഷി ചെയ്തു വരുന്നു. 768 ഹെക്ടർ സ്ഥലം തുള്ളിനന കൃഷി രീതിയിൽ ശാക്തീകരിച്ചു.

2020-21 ൽ 1.36 കോടി ഫലവർഗ്ഗ സസ്യങ്ങളും 2021-22 ൽ 8403 ലക്ഷം ഫലവഗ്ഗ സസ്യങ്ങളും 2022-23 ൽ 64.63 ലക്ഷം ഫലവർഗ്ഗ സസ്യങ്ങളും വിതരണം നടത്തിയിട്ടുണ്ട്.

സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി (IFS). കൃഷി വകുപ്പിന്റെ ജൈവഗൃഹം-സംയോജിത കൃഷി പദ്ധതിയിൽ 14.531 സംയോജിക കൃഷി യൂണിറ്റുകൾ സ്ഥാപിച്ചു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി പദ്ധതി നടത്തിപ്പിന് അനുവദിച്ചത്. 2020-21 വർഷത്തിൽ 35 കോടി രൂപയും 2021-22 ൽ 15 കോടി രൂപയുമാണ് സംസ്ഥാന സർക്കാർ നൽകിയത്.

പദ്ധതിയുടെ ഭാഗമായി കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പു വരുത്താൻ സാധിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ട്. തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനു കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, അസംഘടിത മേഖലയിലുള്ള മറ്റു വിദഗ്ദ്ധർ, അവിദഗ്ദ്ധർ കാർഷിക തൊഴിലാളികൾ എന്നിവരെ

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചിരുന്നു. അത്തരത്തിൽ 26.430 തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ